**കേരള കാർഷിക സർവ്വകലാശാല**
മെയിൻ കാമ്പസ്, വെള്ളാനിക്കര

നമ്പർ കെ.എ.യു.ജി.എ/2422/2023/ജി.എ–ജി1 തീയ്യതി : 05.09.2023

**<u>പരിപത്രം</u>**

**<u>കേരള കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിലിലേക്ക് കൈമാറ്റം ചെയ്യപ്പെടാവുന്ന പ്രാതിനിധ്യ വോട്ടിംഗ് രീതിയനുസരിച്ച് തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ</u>**

സർവ്വകലാശാലയുടെ 09.08.2023 തീയ്യതിയിലെ കെ.എ.യു.ജിഎ/736/2023–ജി.എ–ജി1 നമ്പർ വിജ്ഞാപന പ്രകാരം 14.09.2023 (വ്യാഴാഴ്ച്ച) രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെ താഴെപ്പറയുന്ന നിയോജക മണ്ഡത്തിൽ നിന്ന് ജനറൽ കൗൺസിലിലേക്ക് വോട്ടെടുപ്പ് നടത്തുന്നതാണ്.

| **മണ്ഡലത്തിന്റെ പേര്** | **തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം** |
|---|---|
| സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികൾ | 2 (രണ്ട്) |

27.03.2023–ന് പ്രസിദ്ധീകരിച്ചതും 27.04.2023–ന് തെറ്റുകൾ തിരുത്തപ്പെട്ടതുമായ വോട്ടർപ്പട്ടികയിൽ പേര് ഉൾപ്പെടുത്തിയവർക്ക് തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പോളിംഗ് ദിവസത്തിനുള്ളിൽ ഏതെങ്കിലും കാരണവശാൽ നിയോജക ഗണത്തിലെ അംഗത്വം നഷ്ടപ്പെടുന്നവർക്കും, വോട്ടർ പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യപ്പെട്ടവർക്കും, വോട്ട് രേഖപ്പെടുത്തുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. വോട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിന് നേരെയുള്ള കോളത്തിൽ മുൻഗണനാ ക്രമത്തിൽ അക്കത്തിൽ ' 1 ', ' 2 'എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്. സ്ഥാനാർത്ഥികളോടുള്ള താത്പര്യത്തിന്റെ മുൻഗണനാക്രമമനുസരിച്ച് ഓരോ സ്ഥാനാർത്ഥിയുടേയും പേരിന് നേരെ 1, 2 എന്നിങ്ങനെ രേഖപ്പെടുത്താവുന്നതാണ്. ഉദാഹരണം താഴെക്കൊടുക്കുന്നു.

**<u>ഉദാഹരണം:</u>**

(രണ്ട് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വോട്ട് രേഖപ്പെടുത്തേണ്ട വിധം)
(ഇ,ഡി എന്നീ സ്ഥാനാർത്ഥികൾക്ക് മുൻഗണനാക്രമത്തിൽ വോട്ടുരേഖപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെങ്കിൽ )

| **ക്രമ നം** | **സ്ഥാനാർത്ഥിയുടെ പേരും, വിലാസവും (അക്ഷരമാലാ ക്രമത്തിൽ)** | **മുൻഗണനാ ക്രമ പ്രകാരം അക്കത്തിൽ വോട്ട് രേഖപ്പെടുത്തുക** |
|---|---|---|
| 1 | എ | |
| 2 | ബി | |
| 3 | സി | |
| 4 | ഡി | 2 |
| 5 | ഇ | 1 |

ഒരു സ്ഥാനാർത്ഥിയുടെ പേരിന് നേരെ ഒന്നിൽ കൂടുതൽ അക്കങ്ങൾ രേഖപ്പെടുത്തുകയോ ഒരേ അക്കം തന്നെ ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികളുടെ പേരിന് നേരെ രേഖപ്പെടുത്തുകയോ

ചെയ്താൽ ആ വോട്ട് അസാധുവാകുന്നതാണ്. വോട്ട് രേഖപ്പെടുത്തുന്നത് വ്യക്തമായിരിക്കണം. സംശയം വരുന്ന വോട്ടുകൾ അസാധുവാകുന്നതാണ്. ഏത് സ്ഥാനാർത്ഥിയെയാണ് ഉദ്ദേശിച്ചത് എന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കാത്തവിധം അക്കം അനിശ്ചിതമായ രീതിയിൽ രേഖപ്പെടുത്തിയാൽ വോട്ട് അസാധുവാകുന്നതാണ്.

ഈ സർക്കുലറിലെ ഉള്ളടക്കം ബന്ധപ്പെട്ട എല്ലാവരുടേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

**അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ & ജോയിന്റ് രജിസ്ട്രാർ (ഭരണം)**

സ്വീകർത്താവ്

1. എല്ലാ കോളേജ്/സ്റ്റേഷൻ/ഓഫീസ് മേധാവികൾക്കും
2. സ്ഥാനാർത്ഥികൾ ( ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് –സ്ഥിരം തൊഴിലാളികളുടെ മണ്ഡലം)
3. ഡയറക്ടർ,ഡി.ഐ.എസ് (പരിപത്രം സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
4. announce@kau.in

പകർപ്പ് : വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി / പി.എ ടു രജിസ്ട്രാർ/കംപ്ട്രോളറുടെ പി.എ. / ജോയിന്റ് രജിസ്ട്രാർ (ഭരണം ) / ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)/അസിസ്റ്റന്റ് രജിസ്ട്രാർ (ജി.സി/ഇ.സി/ലീഗൽ & ആർ.ടി.ഐ)/ സെക്ഷൻ ഓഫീസർ (ജി.എ/ജി) / കരുതൽ ശേഖരം / മിച്ചം